# കേരളസർവകലാശാല

നം.പി.ആർ.237/2023 തിരുവനന്തപുരം, തീയതി: 14/11/2023

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ/സീറ്റൊഴിവ്

കേരളസർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ അണ്ടർ ഗ്രാജുവേറ്റ് സ്റ്റഡീസിൽ ആരംഭിച്ച നാല് വർഷ പ്രോഗ്രാമായ ബി.എ. ഓണേഴ്സ് (പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററി) വിത്ത് റിസർച്ച് 2023 - 2024 അധ്യയന വർഷത്തെ അഡ്മിഷന് ഒരു എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 നവംബർ 17 ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസ്സിലെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ മൂന്നാം വർഷ ആന്വൽ സ്കീം ബി.എ. (റെഗുലർ & സപ്ലിമെന്ററി) പാർട്ട് III - മെയിൻ & സബ്സിഡിയറി (ഓഫ്ലൈൻ), പാർട്ട് III - സബ്സിഡിയറി (ഓൺലൈൻ & ഓഫ്ലൈൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 നവംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ അനലിറ്റിക്സ് ന്യൂ ജനറേഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 നവംബർ 20 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. അപേക്ഷാ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ. ഇസ്ലാമിക് ഹിസ്റ്ററി (റെഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 നവംബർ 24 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മ്യൂസിക്, എം.എ. മ്യൂസിക് (വീണ), എം.എ. മ്യൂസിക് (വയലിൻ), എം.എ. മ്യൂസിക് (മൃദംഗം) & എം.എ. ഡാൻസ് (കേരള നടനം) (റെഗുലർ, സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 നവംബർ 20 വരെ അപേക്ഷിക്കാം.

സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ. ഡിസാസ്റ്റർ മാനേജ്മെന്റ് (ന്യൂ ജനറേഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 നവംബർ 21 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷത്തീയതി

കേരളസർവകലാശാല 2023 നവംബർ 1, 2 തീയതികളിൽ കാര്യവട്ടം ഗവ. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ജൂലൈ 2023 പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം 2023 നവംബർ 15, 16 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഡിസംബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (റെഗുലർ – 2022 സ്കീം) & (സപ്ലിമെന്ററി – 2018 സ്കീം – 2019 - 2021 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ 2023 നവംബർ 20 വരെയും 150 രൂപ പിഴയോടെ നവംബർ 23 വരെയും 400 രൂപ പിഴയോടെ നവംബർ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മെറിറ്റ് സ്കോളർഷിപ്പ്

കേരളസർവകലാശാല 2022-2023 അധ്യയന വർഷത്തിലെ വിവിധ ബിരുദ കോഴ്സുകളിൽ യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യത ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഏതെങ്കിലും വിധത്തിലുള്ള പരാതിയുള്ളവർ 2023 ഡിസംബർ 4 നകം അതാത് കോളേജിലെ പ്രിൻസിപ്പൽ മുഖാന്തിരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. 2023 ഡിസംബർ 4 ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രം സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in